# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/14/2021-EB(1)

തിരുവനന്തപുരം, തീയതി : 29.03.2021
website: www.cooperation.kerala.gov.in
e-mail: keralarcs.coop@kerala.gov.in

വിഷയം:- സഹകരണ വകുപ്പ് - ജീവനക്കാര്യം - 31.03.2021 അപരാഹ്നം സർവ്വീസിൽ നിന്നും വിരമിക്കുന്ന സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർമാർ വഹിച്ചുവരുന്ന തസ്തികയുടെ ചുമതല കൈമാറുന്നതിനുള്ള നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- -

..........

സഹകരണ വകുപ്പിൽ ഗസറ്റഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ചുവടെ പറയുന്ന ഉദ്യോഗസ്ഥർ 31.03.2021-ന് സർവ്വീസിൽ നിന്നും വിരമിക്കുകയാണ്. ടി ഉദ്യോഗസ്ഥൻമാരെ 31.03.2021 അപരാഹ്നം സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് അനുവദിച്ചുകൊണ്ടും ടി ഉദ്യോഗസ്ഥർ വഹിച്ചുവരുന്ന തസ്തികകളുടെ ചുമതല ടിയാളുകളുടെ പേരിന് നേരെ കാണിച്ചിരിക്കുന്ന ആഫീസർക്ക് കൈമാറുന്നതിന് നിർദ്ദേശം നൽകികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | സർവ്വീസിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും തസ്തികയും | വഹിച്ച വരുന്ന തസ്തികയുടെ ചുമതല കൈമാറ്റി നൽകേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|
| 1 | ശ്രീ. ശിവൻകുട്ടി നായർ.ബി, അസിസ്റ്റന്റ് രജിസ്ട്രാർ (സി.എൽ.റ്റി), സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, തിരുവനന്തപുരം. | അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി), സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, തിരുവനന്തപുരം. |
| 2 | ശ്രീ. നാരായണൻ.വി.സി., അസിസ്റ്റന്റ് രജിസ്ട്രാർ/ചീഫ് എക്സിക്യൂട്ടീവ്, അഴീക്കോട് സർവ്വീസ് സഹകരണ ബാങ്ക്, കണ്ണൂർ. | പ്രസിഡന്റിന്റെ നിർദ്ദേശാനുസരണം ചുമതല കൈമാറേണ്ടതാണ്. |
| 3 | ശ്രീമതി.സേഫിയാമ്മ ഫ്രാൻസിസ്, അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്), ഉടുമ്പൻചോല, ഇടുക്കി. | അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ഉടുമ്പൻചോല, ഇടുക്കി. |

| | | |
|---|---|---|
| 4 | ശ്രീ. കാർത്തികേയൻ.വി, അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യൂവേഷൻ ആഫീസർ, തിരൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, മലപ്പുറം. | അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), തിരൂർ, മലപ്പുറം. |

ഈ ഉത്തരവിന് അടിയന്തിര പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ടി ഉദ്യോഗസ്ഥർ വഹിച്ച് വരുന്ന തസ്തികയ്ക്ക് പുറമെ മറ്റേതെങ്കിലും തസ്തികയുടെ ചുമതല അധിക ചുമതലയായി വഹിക്കുകയാണെങ്കിൽ ആയതിന്റെ ചുമതല കൂടി വഹിച്ച് വരുന്ന തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ആഫീസർക്ക് കൈമാറേണ്ടതാണ്.

ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാൻ വഹിച്ച് വരുന്ന തസ്തികയുടെ ചുമതല കൈമാറിയതിന്റെയും, നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല ഏറ്റെടുത്തതിന്റെയും ചുമതലാ കൈമാറ്റ റിപ്പോർട്ട് യഥാസമയം അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് കൃത്യമായി അയയ്ക്കേണ്ടതാണ്.

(ഒപ്പ്),
ഡി.കൃഷ്ണകുമാർ
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തികൾക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)
പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം,
2) ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം,
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്,
4) അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്), സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, തിരുവനന്തപുരം.
5) ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഇടുക്കി, കണ്ണൂർ, മലപ്പുറം,
6) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), ഇടുക്കി,
7) ജില്ലാ ട്രഷറി ആഫീസർ, ഇടുക്കി, കണ്ണൂർ, മലപ്പുറം,
8) ഐ.റ്റി.സെക്ഷൻ
9) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എ)